(ഡി) ഈ പദ്ധതിയുടെ നിർമ്മാണം നീണ്ടുപോവുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 1996 മാർച്ചിൽ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്.

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികളിലെ കാലതാമസം, ചില പണികളിൻമേൽ നടക്കുന്ന വിജിലൻസ് അന്വേഷണം, ഫണ്ടിന്റെ അപര്യാപ്തത എന്നീ കാരണങ്ങൾകൊണ്ടാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

16 (*342) ഭൂഗർഭജലം ഉപയോഗിച്ച് ജലസേചനവും ശുദ്ധജല വിതരണവും

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലം വൻതോതിൽ ഉപയോഗിച്ച് ജലസേചനവും ശുദ്ധജലവിതരണവും നടത്തുവാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നല്കുമോ;

(സി) സംസ്ഥാനത്ത് ഒരു ട്യൂബ്‌വെൽ കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) സംസ്ഥാന ഭൂജലവകുപ്പ് കേരളത്തിൽ ലഭ്യമായ ഭൂജലം ശാസ്ത്രീയമായി വികസിപ്പിക്കുകയും അതുവഴി ജലസേചനത്തിനും ശുദ്ധജലവിതരണമേഖലകളിലും ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. ഭൂഗർഭജലപര്യവേഷണവും വികസനവും.
2. ഭൂജലഉപയോഗം നിയന്ത്രണത്തിനും ക്രമീകരണത്തിനും ഉള്ള പദ്ധതി.
3. ഫെയിൽഡ്‌വെൽ കോമ്പൻസേഷൻ സ്കീം.
4. ഹൈഡ്രോളജി പ്രോജക്ട് മുതലായവ.

1992-ൽ പ്രസിദ്ധീകരിച്ച ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ 79000 എം.സി.എം. ഭൂജലം ലഭ്യമാണെന്നും അതിൽ 25% താഴെ മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്നും കണക്കാക്കിയിട്ടുണ്ട്. 1999-2000-ൽ ഭൂജലവികസനപദ്ധതികൾക്കായി 1600 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1094/2000.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

17 (*343) ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾ പഴക്കമുള്ള ജലസേചന പദ്ധതികൾ ഇപ്പോഴും പൂർത്തിയാകാതെ നീണ്ടുപോകുന്നതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പണി പൂർത്തിയാക്കിയ ജലസേചന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും പുതിയ ജലസേചന പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ ഏതൊക്കെ എന്നും ഇവയുടെ പ്രവർത്തനപുരോഗതി എന്തെന്നും വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റ്, 'നബാർഡ്' എന്നിവിടങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തി ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കി നിർദ്ദിഷ്ട കാലയളവിൽത്തന്നെ പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇടത്തരം മേഖലയിൽ കണക്കൻകടവ് ബ്രിഡ്ജ് കം റഗുലേറ്ററിന്റെ പ്രധാന പണികൾ പൂർത്തീകരിച്ച് 30.5.99 ൽ ഗതാഗതത്തിനു തുറന്നു കൊടുക്കുകയുണ്ടായി. പഴശ്ശി പദ്ധതിയും, കാത്തിരുപ്പുഴ പദ്ധതിയും മാർച്ച് 2000-മാണ്ടിൽ കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാണാസുരസാഗർ, തൃത്താലയിലെ റഗുലേറ്റർ കം ബ്രിഡ്ജ്, എന്നീ പുതിയ പദ്ധതികളുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പണി മുടങ്ങിക്കിടന്നിരുന്ന അട്ടപ്പാടി നദീതട പദ്ധതി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി അടിയന്തിരമായി തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly